പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**ഇന്ത്യാ റിസർവ് ബറ്റാലിയൻ**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1550 07/03/2018-ൽ മറുപടിക്ക്

| ചോദ്യം<br>ഡോ.എം. കെ. മുനീർ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ഇന്ത്യാ റിസർവ് ബറ്റാലിയനു വേണ്ടി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇന്ത്യാ റിസർവ് ബറ്റാലിയനു വേണ്ടി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച വരുന്നു. |
| (ബി) | ഇന്ത്യാ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഇന്ത്യാ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് അടിസ്ഥാന ശമ്പളത്തിന്റെ 15% സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (സി) | 14-10-2015-ന് ഹവീൽദാറായി പ്രൊമോഷൻ ലഭിച്ച ഇന്ത്യാ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങൾക്ക് നാളിതുവരെയും ഇൻക്രിമെന്റ് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത ഇൻക്രിമെന്റ് സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | 14-10-2015-ന് ഹവീൽദാറായി പ്രൊമോഷൻ ലഭിച്ച സേനാംഗങ്ങൾക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരുന്നതിനാലാണ് ടി തസ്തികയിലെ ഇൻക്രിമെന്റ് അനുവദിക്കാതിരുന്നത്. ടിയാൻമാരുടെ പ്രമോഷൻ താൽക്കാലികമാണെന്നും പ്രമോഷൻ റെഗുലറൈസ് ചെയ്യരുത് എന്നുമുള്ള സ.ഉ. (ആർ.റ്റി) 624/2016/ആഭ്യന്തരം പ്രകാരം പ്രമോഷൻ റെഗുലറൈസ് ചെയ്യുകയോ, പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയോ ചെയ്യാതിരുന്നതിനാൽ ആണ് ഇൻക്രിമെന്റ് നൽകാതിരുന്നത്. (കെ.എസ്.ആർ. റൂൾ 37 B(b) ii പ്രകാരം പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനുശേഷം മാത്രമേ ആദ്യ ഇൻക്രിമെന്റ് നൽകാവൂ എന്നാണ് ചട്ടം)<br>4/1/2018 തീയതിയിലെ സ.ഉ. (ആർ.റ്റി) 46/2018/ആഭ്യന്തരം പ്രകാരം ഇന്ത്യാ റിസർവ് ബറ്റാലിയനിലെ റെഗുലർ, കമാൻഡോ വിംഗുകളിൽ നിന്നായി സ്പെഷ്യൽ റൂൾ ഉത്തരവ് ആകും വരെ 7.3 എന്ന അനുപാതത്തിൽ താൽക്കാലികമായി മാത്രം |

| | | | |
|---|---|---|---|
| | | | പ്രമോഷൻ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവിൽ നിർദ്ദേശിച്ച സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന് ഹവീൽദാർമാരുടെ സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുകയും പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ചെയ്യുമ്പോൾ മാത്രമേ ഇൻക്രിമെന്റ് അനുവദിക്കാൻ സാധിക്കുകയുള്ളു. |
| (ഡി) | കേരള പോലീസിനു കീഴിലും ബി.എസ്.എഫ്, സി.ആർ.പി.എഫ്., ഇന്ത്യൻ ആർമി എന്നിവയുടെ കീഴിൽ 18 മാസക്കാലം ട്രെയിനിംഗ് പൂർത്തിയാക്കിയ ഐ.ആർ.ബി. സേനാംഗങ്ങൾക്ക് കേരള പോലീസ് സേനയിലെ മറ്റ് ബറ്റാലിയനുകളിലെ സേനാംഗത്തിന് ലഭിക്കുന്ന ശമ്പളത്തിനു പുറമേ മറ്റ് എന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ഡി) | നിലവിൽ ഇന്ത്യാ റിസർവ് ബറ്റാലിയനിലെ കമാൻഡോ വിംഗ് സേനാംഗങ്ങൾക്ക് 19/12/2012 തീയതിയിലെ സ.ഉ. (എം.എസ്) 637/2012/ധന പ്രകാരം ഉള്ള സർക്കാർ ഉത്തരവ് അനുസരിച്ച് പ്രത്യേക സാമ്പത്തിക ആനുകൂല്യങ്ങൾ കേരള പോലീസിലെ മറ്റ് ബറ്റാലിയനുകളിലെ സേനാംഗത്തിന് ലഭിക്കുന്ന ശമ്പളത്തിനു പുറമേ ലഭിക്കുന്നുണ്ട്. എന്നാൽ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് കേരള പോലീസിലെ മറ്റ് ബറ്റാലിയനുകളിലെ സേനാംഗത്തിന് ലഭിക്കുന്ന ശമ്പളത്തിനുപുറമേ പ്രത്യേക ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല. കൂടാതെ റെഗുലർ വിംഗിലേയും, കമാൻഡോ വിംഗിലേയും കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡിൽ ഡ്യൂട്ടി എടുത്തുവരുന്നവർക്ക് 13/10/2014 തീയതിയിലെ സ.ഉ. (എം.എസ്) 198/2014/ആഭ്യ. പ്രകാരം പ്രത്യേക സാമ്പത്തിക ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. |
| (ഇ) | പത്ത് വർഷം സേവനം പൂർത്തിയാക്കിയ ഐ.ആർ.ബി. സേനാംഗങ്ങൾക്ക് അതാത് ജില്ലകളിലെ ആംഡ് റിസർവ്വുകളിൽ പോകാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; ആയതിനു വേണ്ടി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ആംഡ് റിസർവ്വ് എന്നൊരു വിഭാഗം കേരള പോലീസിൽ നിലവിലില്ല. 10/12/2010 തീയതിയിലെ സ.ഉ. (പി) 268/2010/ആഭ്യ. പ്രകാരം ആംഡ് റിസർവ്വും ലോക്കൽ വിഭാഗവും സംയോജിപ്പിച്ച് സിവിൽ പോലീസ് വിഭാഗം രൂപീകരിച്ചിട്ടുള്ളതാണ്. പത്ത് വർഷത്തെ സേവനകാലം പൂർത്തിയാക്കുന്ന ഐ.ആർ.ബറ്റാലിയൻ റഗുലർ വിംഗ് പോലീസ് വിഭാഗത്തിലുള്ളവർക്ക് സിവിൽ പോലീസ് വിഭാഗത്തിലേയ്ക്ക് പോകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ